(ബി) ഇതിൽ നിലവിൽ എത്ര ഡോക്ടർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു ;

(സി) ഈ ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഒഴിവുള്ള പ്രസ്തുത തസ്തികകളിൽ സത്വരം നിയമനം നടത്തി ഇവിടെ രോഗികൾക്കുണ്ടാകുന്ന ദുരിതവും, കഷ്ടപ്പാടും ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്പെഷ്യാലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കിയശേഷം സൂപ്രണ്ട് ഉൾപ്പെടെ ആകെ 22 ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്.

(ബി) രണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ആകെയുള്ള 22 ഡോക്ടർമാരുടെ തസ്തികകളിൽ ജനറൽ സർജറി ജൂനിയർ കൺസൾട്ടന്റിന്റേയും സൈക്യാട്രി ജൂനിയർ കൺസൾട്ടന്റിന്റേയും ഓരോ ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. ഇതു നികത്തുന്നതിനുള്ള സത്വര നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഡോക്ടർമാരെ ലഭിച്ചു കഴിഞ്ഞാലുടൻ പൂർത്തിയാക്കുന്നതാണ്. താൽക്കാലികാടിസ്ഥാനത്തിൽ ഒരു ഡോക്ടറെ ജില്ലാ മെഡിക്കൽ ആഫീസുവഴി നിയമിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ നികത്തൽ

44 (492) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രിയിലും ഏതൊക്കെ തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയതായി ഏതൊക്കെ തസ്തികകൾ താലൂക്കാശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട താലൂക്ക് ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡോക്ടർമാർ ഉൾപ്പെടെ എല്ലാ തസ്തികകളിലെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു.

ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജീവനക്കാരുടെ ശമ്പള വിതരണം

45 (493) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എ.ബി.എച്ച്. അംഗീകാരത്തിനുവേണ്ടി ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ഏത് ഏജൻസിയാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) എൻ.എ.ബി.എച്ച് അംഗീകാരത്തിനുവേണ്ടി പുതിയ ജീവനക്കാരെ ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിയമിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ഡി) ഇവർക്കുള്ള ശമ്പളം ഏതു ഫണ്ടിൽ നിന്നാണ് നൽകുന്നത് ;

(ഇ) ഇപ്രകാരം ശമ്പളം നൽകുന്നതിന് എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകിയിരുന്ന തുക പിൻവലിച്ചു എന്നത് വാസ്തവമാണോ ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ ;

(എഫ്) വരുന്ന മാസങ്ങളിൽ ഈ ഫണ്ട് ലഭ്യമാകാതെ വന്നാൽ ജീവനക്കാരുടെ ശമ്പളം ഏതു ഫണ്ടിൽ നിന്നും നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഴയകെട്ടിടങ്ങളുടെ നവീകരണം പൂർത്തിയാക്കി എൻ.എ.ബി.എച്ച്. മാനദണ്ഡമനുസരിച്ച് രോഗികൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ നടപ്പിൽ വരുത്തി, ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി. അധിക ജീവനക്കാരെ താല്ക്കാലികമായി നിയമിച്ചു പവർലോൺട്രി സംവിധാനം പുരോഗമിക്കുന്നു.

(ബി) എൻ.ആർ.എച്ച്.എം.

(സി) ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

(ഡി) 15-6-2010-വരെ എൻ.ആർ.എച്ച്.എം. ഫണ്ട് മുഖേനയും 16-6-2010 മുതൽ ആർ.എസ്.ബി.വൈ. ഫണ്ടിൽ നിന്നും ശമ്പളം നൽകുന്നു.

(ഇ&എഫ്) എസ്റ്റാബ്ലിഷ്മെന്റിന് ആർ.എസ്.ബി.വൈ. ഫണ്ട് ലഭ്യമായതിനാലാണ് ആർ.എസ്.ബി.വൈ. ഫണ്ടിൽ നിന്നും ശമ്പളം നൽകുവാൻ സർക്കാർ നിർദ്ദേശിച്ചത് ഈ ഫണ്ട് ഇപ്പോഴും ലഭ്യമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly